ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ശാന്തി നഗർ,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
തിരുവനന്തപുരം

സി.ജി & എ.സി 12323/2012 തീയതി: 13.12.2012

# സർക്കുലർ

വിഷയം: സ്നേഹപൂർവ്വം– ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം – പദ്ധതി നടപ്പിലാക്കുന്ന തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ.

സൂചന: ഹയർ സെക്കണ്ടറി ഡയറക്ടറുടെ 10.10.2012 ലെ സി.ജി & എ.സി 12323/2012 നം ഉത്തരവ്

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനായി നടപ്പിലാക്കിയിട്ടുള്ള സ്നേഹപൂർവ്വം പദ്ധതിയിൽ 196 സ്കൂളുകളെ തെരഞ്ഞെടുക്കുകയും ആവശ്യമായ ഫണ്ട് അലോട്ട് ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിൽ ചില സ്കൂളുകളിൽ പ്രിൻസിപ്പൽമാർ കൃത്യത പാലിക്കുന്നതായി കാണുന്നില്ല. ആയതിനാൽ താഴെക്കൊടുത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു.

1. 2011–12 ഒന്നാം വർഷ പരീക്ഷയിൽ ഒന്നോ അതിലധികമോ വിഷയങ്ങളിൽ 30%നു താഴെ (‘ഡി’ഗ്രേഡ്) മാർക്ക് വാങ്ങിയ കുട്ടികളെയാണ് സ്നേഹപൂർവ്വം പദ്ധതി യിൽ ഉൾപ്പെടുത്തേണ്ടത്. ഓരോ സ്കൂളിലുമുള്ള അത്തരം കുട്ടികളുടെ എണ്ണവും തുകയുമാണ് പ്രിൻസിപ്പൽമാർക്ക് നൽകിയ ഓർഡറിൽ സൂചിപ്പിച്ചിട്ടുള്ളത്.
2. ഓരോ കുട്ടിക്കും പദ്ധതി പ്രകാരം 46 ദിവസത്തെ ക്ലാസ്സുകളാണ് സ്കൂളിൽ സംഘടിപ്പിക്കേണ്ടത്. ക്ലാസ്സുകൾ ഫെബ്രുവരി 15 നകം പൂർത്തിയാക്കേണ്ടതാണ്.
3. ക്ലാസ്സുകളിൽ പങ്കെടുക്കുന്ന കുട്ടികളുടെ പ്രത്യേക ഹാജർ സൂക്ഷിക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിനായി ഓരോ സ്കൂളിലും പ്രിൻസിപ്പൽ അദ്ധ്യക്ഷനും പ്രിൻസി പ്പൽ നിർദ്ദേശിക്കുന്ന സീനിയർ അധ്യാപകൻ കൺവീനറായും ഒരു കമ്മിറ്റി രൂപീകരിക്കണം. പ്രസ്തുത കമ്മിറ്റിയിൽ അതത് സ്കൂളിലെ എല്ലാ വിഷയങ്ങളു ടെയും ഓരോ അധ്യാപകൻ/അധ്യാപികയും സ്കൂൾ പി.ടി.എ പ്രസിഡണ്ടും അംഗങ്ങളായിരിക്കും. ഹയർ സെക്കണ്ടറി വകുപ്പിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച്

പദ്ധതി സ്കൂളിൽ നടപ്പാക്കുന്നതിനുള്ള പരിപൂർണ്ണ ഉത്തരവാദിത്തം പ്രസ്തുത കമ്മിറ്റിക്കായിരിക്കും. എല്ലാ ചെലവുകളുടെയും കൃത്യമായ വൗച്ചറുകൾ പ്രിൻസിപ്പൽ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

5. അനുവദിച്ച തുക ട്രഷറിയിൽ സ്കൂളിന്റെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. മൂന്ന് ആഴ്ചയിലേക്ക് ചെലവാകുന്ന ഉദ്ദേശ തുക മാത്രമേ ബാങ്കിൽ നിന്ന് പിൻവലിക്കാൻ പാടുള്ളൂ. തുക തീരുന്നതനുസരിച്ച് മൂന്ന് ആഴ്ച ത്തേക്കുള്ള തുക മുൻകൂറായി പിൻവലിക്കാവുന്നതാണ്.
6. ഇതോടൊപ്പം ചേർത്തിട്ടുള്ള ഫോർമാറ്റിൽ Daily Statement പ്രത്യേക രജിസ്റ്ററിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**ജോയിന്റ് ഡയറക്ടർ (അക്കാദമിക്)**

# Department of Higher Secondary Education

# Quality Improvement Programme

## Daily Statement

| Date | Class | No. of Students attended | Subject Taught | Name of Teacher | Details of food supplied | Amount utilized for food | Amount disbursed towards TA | Contingency Amount utilized | Total Expenditure of the day | Total Expenditure up to this date | Balance amount | Signature |
|---|---|---|---|---|---|---|---|---|---|---|---|---|
| | Science | | | | | | | | | | | |
| | Humanities | | | | | | | | | | | |
| | Commerce | | | | | | | | | | | |

### സ്റ്റേറ്റ്മെന്റ് പൂരിപ്പിക്കുന്നതിനുള്ള സൂചനകൾ

Date – ക്ലാസ്സ് നടത്തിയ തീയതി

Details of food supplied – അന്നേ ദിവസം വിതരണം ചെയ്ത ഭക്ഷണത്തിന്റെ പേരു വിവരം

Amount utilized for food - – അന്നേ ദിവസം ഭക്ഷണത്തിനായി ചെലവായ ആകെ തുക

Amount disbursed towards TA – അന്നേ ദിവസം കുട്ടികൾക്ക് നൽകിയ യാത്രാബത്തയുടെ ആകെ തുക

Contingency Amount utilized – അന്നേ ദിവസം മറ്റു ചെലവുകൾക്കായി ചെലവാക്കിയ ആകെ തുക.

Total Expenditure of the day – അന്നേ ദിവസം ചെലവായ ആകെ തുക.

Total Expenditure up to this date – നാളിതുവരെ ചെലവായ ആകെ തുക(അന്നേ ദിവസത്തെ ചെലവ് ഉൾപ്പെടെ )

Balance amount – ബാക്കി നിൽക്കുന്ന തുക